# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 953 10/06/2019-ന് മറുപടിക്ക്

## മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണത്തിനായുള്ള സാധ്യതാപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണത്തിനായുള്ള സാധ്യതാപഠനത്തിനുള്ള അനുമതി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ സാധ്യതാപഠനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ ഭാരത സർക്കാരിന്റെ പരിസ്ഥിതി-വനം - കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 14/11/2018 ന് പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ പരിസ്ഥിതി ആഘാത പഠനം (ഇ.ഐ.എ) പഠനത്തിനുള്ള ടേംസ് ഓഫ് റെഫറൻസ് (ടി.ഓ.ആർ) ന്റെ അംഗീകാരം നിബന്ധനകളോടെ നൽകുകയുണ്ടായി. പ്രസ്തുത ടി.ഓ.ആർന്റെ കാലാവധി 4 വർഷമാണ്. തുടർന്ന് ഇതു സംബന്ധിച്ച് സംസ്ഥാന വനം വകുപ്പിന്റെ അംഗീകാരം 20/04/2019-ൽ ലഭിച്ചു.<br>ഇതിന്റെ അടിസ്ഥാനത്തിൽ പ്രഗതി ലാബ് കൺസൾട്ടൻസിന് ഇ.ഐ.എ പഠനം തുടങ്ങുവാനുള്ള നിർദ്ദേശം നൽകുകയും കൺസൾട്ടന്റുമായുള്ള എഗ്രിമെന്റ് കാലാവധി 20/06/2020 വരെ പുതുക്കുകയും ചെയ്തു. പരിസ്ഥിതി ആഘാത പഠനം ഉടൻ തുടങ്ങുന്നതിനുള്ള പ്രാഥമിക നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) ഇക്കഴിഞ്ഞ കാലവർഷത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് അനിയന്ത്രിതമായി 145 അടിവരെ ഉയർന്ന സാഹചര്യത്തിൽ , ഈ വർഷം ആയത് ഒഴിവാക്കുന്നതിനായി മുൻകൂർ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | ബി ഇക്കഴിഞ്ഞ കാലവർഷത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142.3 അടിവരെ (2018 ആഗസ്റ്റ് 15-ന്) മാത്രമേ ഉയർന്നിരുന്നുള്ളൂ. മുല്ലപ്പെരിയാർ ഡാമിന്റെ നിയന്ത്രണം തമിഴ്നാടിനാണെങ്കിലും, ബഹുമാനപ്പെട്ട സുപ്രീംകോടതി അനുവദിച്ചിട്ടുള്ള ഉയർന്ന ജലനിരപ്പായ 142 അടി കവിഞ്ഞു ജലനിരപ്പ് ഉയരുന്നത് തടയാൻ വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതിനായി തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നേരിട്ടും കൂടാതെ , പ്രളയാനന്തരം നടത്തിയിട്ടുള്ള മുല്ലപ്പെരിയാർ സൂപ്പർവൈസറി കമ്മിറ്റിയുടെ സബ് കമ്മിറ്റി NEC എന്നിവയുടെ എല്ലാ യോഗങ്ങളിലും കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 04/06/2019 തീയതിയിൽ ചേർന്ന, ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം രൂപീകരിച്ച , മുല്ലപ്പെരിയാർ സൂപ്പർവൈസറി |

കമ്മിറ്റിയുടെ 12-ാമത് യോഗത്തിൽ , പ്രളയജലം നിയന്ത്രിതമായി തുറന്ന് വിടുന്നതിനാവശ്യമായ ഗേറ്റ് ഓപ്പറേഷൻ ഷെഡ്യൂൾ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുവാൻ തമിഴ്നാടിനോട് സൂപ്പർ വൈസറി കമ്മിറ്റി ചെയർമാൻ ആവശ്യ പ്പെട്ടിട്ടുണ്ട്. ആയത് Central Water Commission ന്റെ പരിഗണനയിലാണുള്ളത്.

സെക്ഷൻ ഓഫീസർ